(എ) ഇരിങ്ങാലക്കുട ആശുപത്രിയിൽ മാപ്രാണം സ്വദേശി പെരുമ്പള്ളി അന്തോണി ലോറൻസിന്റെ ശവം പോസ്റ്റ്മോർട്ടത്തിനായി എന്നാണ് കൊണ്ടുവന്നത് ; പോസ്റ്റുമോർട്ടം എന്ന് നടത്തി ;

(ബി) പോസ്റ്റുമോർട്ടം നടത്താനുണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ പറയാമോ ;

(സി) ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ശ്രീ. അന്തോണി ലോറൻസിന്റെ മൃതശരീരം 21-10-1986-ന ഉച്ച കഴിഞ്ഞ് 12.50-ന് ഇരിഞ്ഞാലക്കുട സർക്കാർ ആശുപത്രിയിൽ കൊണ്ടു വന്നു. 23-10-1986-ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് പോസ്റ്റുമോർട്ടം നടത്തി.

(ബി) മൃതദേഹം ചീഞ്ഞഴുകിയ നിലയിൽ ആയിരുന്നു. കയ്യേറാം നടന്നതായും പ്രചരണം ഉണ്ടായിരുന്നു. അതിനാൽ ഡ്യൂട്ടി ഡോക്ടർക്ക് പോലീസ് സർജന്റെ സഹായം ആവശ്യമായി വന്നു. അതിനുള്ള നടപടി ഉടൻതന്നെ സ്വീകരിച്ചു. 22-10-1986-ന് രാത്രി 11 മണിക്ക് പോലീസ് സർജന്റെ നിർദ്ദേശപ്രകാരം മൃതശരീരം തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. 23-10-1986-ന് അവിടെവച്ച് പോസ്റ്റുമോർട്ടം നടത്തി.

(സി) ഇത്തരം സംഭവങ്ങൾ സാധാരണയായി ഉണ്ടാകാറില്ല.

ശ്രീ. കെ. രാമകൃഷ്ണനെ കസ്റ്റഡിയിൽ എടുത്ത സംഭവം

1483. [2233] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂൺ മാസത്തിൽ പാലക്കാട് ടൗൺ നോർത്ത് പോലീസ് ശ്രീകൃഷ്ണപുരം വി. ടി. ഭട്ടതിരിപ്പാട് സ്മാരക കോളേജിലെ ലക്ചറർ ആയ ശ്രീ. കെ. രാമകൃഷ്ണനെ കസ്റ്റഡിയിൽ എടുത്തതിനെപ്പറ്റി ഓറൽ എൻക്വയറി നടത്താൻ പാലക്കാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ചുമതലപ്പെടുത്തിയ തീയതി വ്യക്തമാക്കാമോ ;

(സി) ഓറൽ എൻക്വയറി ഈ കേസ്സിൽ നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓറൽ എൻക്വയറി ഇതിനകം നടത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട വർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27-1-1986-ൽ.

(സി) ഉണ്ട്.

(ഡി) ഓറൽ എൻക്വയറി പൂർത്തിയാക്കിയിട്ടുണ്ട്. കുറ്റാരോപിതർക്ക് അന്തിമ സമാധാന പത്രിക നൽകുന്നതിന് 17-10-1986 മുതൽ 15 ദിവസത്തെ സമയം നൽകിയിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly